**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 429** **23-02-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി-ഒലിപ്പുഴ റോഡ് വീതി കൂട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്‌ബി പദ്ധതിയായ മഞ്ചേരി-ഒലിപ്പുഴ റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്‌ബി പദ്ധതിയായ മഞ്ചേരി ഒലിപ്പുഴ റോഡിന് 85.61 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി റോഡിന്റെ ഡിസൈൻ റിവ്യൂ കിഫ്‌ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (TRC) സഹായത്തോടെ ദ്രുതഗതിയിൽ നടന്ന് വരുന്നു. പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. അലൈൻമെന്റ് അന്തിമമാക്കുന്ന മുറയ്ക്ക് അതനുസരിച്ച് സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തത് എന്ത് കൊണ്ടെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ അന്തിമമാക്കി ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളതിനാലും നിലവിൽ പ്രവൃത്തിയുടെ മുഴുവൻ ഭാഗങ്ങളിലും പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച വിവിധ പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി പിരീഡ് (DLP) നിലനിൽക്കുന്നതിനാലുമാണ് പദ്ധതി ആരംഭിക്കാൻ സാധിക്കാത്തത്. |
| (സി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (സി) | ഡിസൈൻ അന്തിമമാക്കി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കിയതിന് ശേഷം ദർഘാസ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതിയുടെ എസ്.പിവി.യായ കേരള റോഡ് ഫണ്ട് ബോർഡ് സ്വീകരിക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് 18 മാസ കാലാവധിക്കകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ